# പതിനാലാം കേരള നിയമസഭ

## ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട 29.06.2016 - ൽ മറുപടിയ്ക്ക്
നിയമസഭാ ചോദ്യം നമ്പർ: 39

### കയർ മേഖലയിലെ പ്രതിസന്ധി

| ചോദ്യം<br>ശ്രീ.എം. നൗഷാദ്<br>,, ബി.സത്യൻ<br>ശ്രീമതി യു. പ്രതിഭാ ഹരി<br>ശ്രീ.പുരുഷൻ കടലുണ്ടി | ഉത്തരം<br>ശ്രീ.തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പുമന്ത്രി) |
|---|---|
| എ) സംസ്ഥാനത്തെ കയർ മേഖല സ്തംഭിച്ചതിനെത്തുടർന്ന് ആയിരക്കണക്കിന് കുടുംബങ്ങൾ പട്ടിണിയിലായിരിക്കുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | എ) സംസ്ഥാനത്തെ കയർ മേഖല അഭിമുഖീകരിക്കുന്ന രൂക്ഷമായ പ്രതിസന്ധി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കഴിഞ്ഞ മൂന്നുകൊല്ലങ്ങളായി കയർ മേഖലയ്ക്ക് വകയിരുത്തുന്ന പണത്തിൽ ഗണ്യമായ ഒരു പങ്ക് ചെലവഴിക്കപ്പെടാതെ പോകുകയാണ്. 2013-14-ൽ 61.36% , 2014-15-ൽ 52.78%, 2015-16-ൽ 58.40% എന്നിങ്ങനെ മാത്രമാണ് പദ്ധതി ചെലവ്. പരമ്പരാഗത കയർ തൊഴിലാളികൾക്ക് തൊഴിലും കൂലിയും ഉറപ്പുവരുത്തുക എന്നത് ഈ സർക്കാരിന്റെ മുൻഗണനകളിലൊന്നാണ്. അതിനാവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു. |
| ബി) ചകിരിക്ഷാമം പരിഹരിക്കാൻ 'കുടുംബശ്രീ' വഴി തൊണ്ട് സംഭരിക്കുമെന്ന മുൻ കയർ വകുപ്പുമന്ത്രിയുടെ പ്രഖ്യാപനം നടപ്പിലാക്കിയോ; ഇല്ലെങ്കിൽ കാരണം അറിയിക്കുമോ; | ബി) കുടുംബശ്രീയെ ഉപയോഗപ്പെടുത്തി തൊണ്ട് സംഭരിക്കുമെന്ന പ്രഖ്യാപനം നടപ്പിലായിട്ടില്ല. |
| സി) തൊണ്ടുസംഭരണവും തൊണ്ടഴുക്കലും ശാസ്ത്രീയവും സമഗ്രവുമാക്കുന്നതിനായി പദ്ധതികൾ ആസൂത്രണം ചെയ്യുന്നുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ? | സി)<br>i) സംസ്ഥാനത്ത് വ്യാപകമായിക്കൊണ്ടിരിക്കുന്ന നാളികേര കർഷക ഫെഡറേഷനുകളെ ചകിരി ഉൽപ്പാദനത്തിൽ പ്രോത്സാഹിപ്പിക്കുന്നതിനുള്ള നടപടികൾ കൈക്കൊള്ളാൻ ഉദ്ദേശിക്കുന്നു.<br>ii) നാളീകേര കൃഷി സജീവമായ മേഖലകൾ കേന്ദ്രീകരിച്ച് ചകിരി ഉല്പാദനം ഗണ്യമായി വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുവാനും സർക്കാർ ലക്ഷ്യമിടുന്നുണ്ട്.<br>iii) ചകിരിച്ചോറിന്റെ വാണിജ്യാടിസ്ഥാനത്തിലുള്ള വിനിയോഗ ത്തിന് സർക്കാർ പ്രോത്സാഹനം നൽകുന്നതിനും ലക്ഷ്യമിടുന്നു.<br>iv) നിലവിൽ പ്രവർത്തനരഹിതമായി കിടക്കുന്ന ചകിരി മില്ലുകൾ പ്രവർത്തനസജ്ജമാക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നതാണ്.<br>v) കുടുംബശ്രീ സംഘങ്ങളെ തൊണ്ട് സംഭരണത്തിൽ സജീവമാക്കുന്നതിന് വേണ്ട |

| | |
|---|---|
| | vi) ചകിരി മില്ലുകൾക്ക് 50% ഇൻവെസ്റ്റ്മെന്റ് സബ്സിഡി നൽകും. |

സെക്ഷൻ ഓഫീസർ